# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

ഓരോ കുട്ടിയും മികവിലേക്ക്




**ഐശ്വര്യപ്രദായിനി യു.പി.എസ്, കീരിക്കാട്**

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെപേര് : വൈശ്യപോദായിനി U.P.S കീരിക്കാട്

മേൽവിലാസം : കീരിക്കാട്

സ്കൂൾകോഡ് : 36462

വിദ്യാഭ്യാസഉപജില്ല : കായംകുളം

വിദ്യാഭ്യാസജില്ല : ആലപ്പുഴ

ബി. ആർ. സി : കായംകുളം

ഗ്രാമപഞ്ചായത്ത് : പത്തിയൂർ

ബ്ലോക്ക് പഞ്ചായത്ത് : മുതുകുളം

ജില്ലാ പഞ്ചായത്ത് : ആലപ്പുഴ.

# ആമുഖം

അക്കാദമിക് മാസ്റ്റർപ്ലാൻ സ്കൂൾ തലം. നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ഒരു സമഗ്ര രൂപരേഖയാണ്. കുട്ടികളുടെ സർവതോന്മുഖമായ വളർച്ച ഉറപ്പുവരുത്തുന്നതിനും, ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കനുസരിച്ച് പഠനരീതികൾ പരിഷ്കരിക്കുന്നതിനും സമൂഹമായി ചേർന്ന് പ്രവർത്തിക്കുന്നതിനും ഈ പ്ലാൻ ലക്ഷ്യമിടുന്നു. AMP സ്കൂൾ തലം ദിശാബോധം നൽകുന്നു.

## 1. അക്കാദമിക് മികവ്

കുട്ടികളുടെ താൽപര്യങ്ങൾ, കഴിവുകൾ അഭിരുചികൾ എന്നിവ പരിഗണിച്ച് നൂതനമായ പഠനരീതികൾ ആയ പ്രോജക്ട് പഠനം, ഗ്രൂപ്പ് പഠനം അന്വേഷണാത്മക പഠനം എന്നിവ നടപ്പിലാക്കുന്നു.

## 2. പഠന നിലവാരം ഉയർത്തുന്നു.

പഠന നിലവാരം ഉയർത്തുവാൻ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുന്നു.

3. സാങ്കേതിക വിദ്യകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

## 4. അധ്യാപക ശാക്തീകരണം

* നൂതന പഠനരീതികളെക്കുറിച്ചും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും അധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകുക.

* വിവിധ വിഷയങ്ങളിൽ അധ്യാപകർക്ക് സ്പെഷ്യലൈസ്ഡ് പരിശീലനം നൽകുക.

* മികച്ച അധ്യാപകർക്ക് പ്രോത്സാഹനം നൽകുകയും അവരുടെ അനുഭവങ്ങൾ പങ്കുവെക്കാൻ അവസരം നൽകുന്നു.

## പൊതുലക്ഷ്യങ്ങൾ

① 1 മുതൽ 7 വരെയുള്ള എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുന്നു.

② എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നു.

③ കുട്ടികളുടെ കഴിവുകളും അഭിരുചിയും കണ്ടെത്തി പ്രോത്സാഹനം നൽകി ഉയർന്ന പരിശീലനം നൽകുന്നു.

④ വായന ഒരു സംസ്കാരമായി രൂപപ്പെടുത്താൻ നിരന്തര പ്രവർത്തനങ്ങൾ നൽകുന്നു.

⑤ ആധുനിക സാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ പ്രയോഗിക്കുന്നു.

⑥ സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനിക വൽക്കരിക്കൽ

⑦ ഓരോ ടേമിലെയും മികവുകൾ ചർച്ചചെയ്യാൻ ഓരോ ടേമിലും PTA ക്ലാസ് PTA എന്നിവ കൃത്യമായി കൂടൽ.

(8) 1 മുതൽ 7 വരെയുള്ള കുട്ടികൾക്ക് അക്കാദമിക സപ്പോർട്ട് നൽകുവാനായി വർക്ക്ഷീറ്റുകൾ SRG നേതൃത്വത്തിൽ തയ്യാറാക്കും.

(9) ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

(10) മാലിന്യ മുക്ത വിദ്യാലയവും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ. [Seed] മാതൃഭൂമി.

(11) കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

(12) പോക്സോ സംബന്ധമായ ബോധവൽക്കരണം.

(13) രാസലഹരി, മൊബൈൽ അഡിക്ഷൻ മദ്യം, പുകയില മയക്ക് മരുന്ന് തുടങ്ങിയവയ്ക്ക് എതിരെ മുൻകരുതലുകൾ.

(14) ആരോഗ്യ കായികവിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകൽ.

(15) യോഗ, സുംബ, എയ്റോബിക്സ് എന്നിവ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തൽ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

## നേട്ടങ്ങൾ

① അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന വിദഗ്ദ്ധ അധ്യാപക സമൂഹം.

② ശിശു സൗഹൃദപരമായ അന്തരീക്ഷം.

③ ലൈബ്രറി, ലാബ് ക്ലാസുകൾ പഠന സൗകര്യം

④ കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

⑤ പഠനത്തിൽ പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് ആവശ്യമായത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.

⑥ പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

⑦ പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പിലാക്കുന്നു.

⑧ കാർഷിക പ്രവർത്തികൾ - ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

## പരിമിതികൾ

1. എല്ലാ കുട്ടികൾക്കും ഭാഷാശേഷി നേടിയെടുക്കാൻ സാധിച്ചില്ല.

2. ലാബ് ലൈബ്രറി പ്രവർത്തനങ്ങൾ ചെയ്യുവാൻ ഉണ്ട്.

3. നല്ലപോലെ പുസ്തകം വായിക്കാത്ത കുട്ടികൾ ആവാണ്.

4. പൊതുവിജ്ഞാന മേഖലയിൽ കുട്ടികൾ പിന്നിൽ നിൽക്കുന്നു. ഇത് പരിഹരിക്കണം.

5. IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## മൂല്യനിർണ്ണയം

കുട്ടികളുടെ പഠന പുരോഗതി തുടർച്ചയായി വിലയിരുത്തുന്നതിന് ഫലപ്രദമായ രീതികൾ (continuous and comprehensive evaluation - CCE) നടപ്പിലാക്കുന്നു. ഇതിനായി അവലംബിക്കുന്ന മാർഗങ്ങൾ

1. തുടർച്ചയായി കൃത്യമായി മൂല്യനിർണ്ണയം

2. കാണാപാഠം പഠിക്കാൻ അനുവദിക്കാതെ ചിന്താശേഷിയെയും പ്രായോഗിക അറിവിനെയും വിലയിരുത്തുന്നു.

3. പ്രതിഭകളെ കണ്ടെത്തും പ്രോത്സാഹനം നൽകും നൽകി ഇത് കുട്ടികൾക്ക് പ്രചോദനം നൽകുന്നു. മറ്റു കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

* എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക

* എല്ലാകുട്ടികൾക്കും അവരവരുടെ മനസിനനുസരിച്ചുള്ള ആശയ വിനിമയ ശേഷി നൽകുക.

* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

* സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.

* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

* മികച്ച വായനാശീലം വളർത്തുക.

* ഒന്ന് രണ്ട് ക്ലാസുകളിൽ അധിക വായന പ്രോത്സാഹിപ്പിക്കുക.

* സർഗാത്മക ഡയറി പരിപോഷിപ്പിക്കുക.

*

# ഇംഗ്ലീഷ്

1. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുവാൻ പ്രോത്സാഹനം നടത്തുക.

* സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* സ്ലിപ്പ് നോട്ടുകൾ പ്രയോജനപ്പെടുത്തുക.
* വായനാമൂല സ്കൂൾ ലൈബ്രറി മറ്റിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
* ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

# പരിസരപഠനം / പ്രവർത്തിക്ഷമങ്ങൾ

* ശാസ്ത്രപഠനം രസകരമാക്കുന്നു.
* ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുന്നു.
* അടിസ്ഥാന ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
* ആധുനിക സാങ്കേതങ്ങളോടെ ചായ്‌വ് സജ്ജമാക്കുന്നു.
* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
* തർക്കങ്ങൾ കണ്ടെത്തൽ പഠനങ്ങൾ നടത്തുന്നു.
* പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു.

## സാമൂഹികബോധം / സാമൂഹ്യശാസ്ത്രം

* ജനാധിപത്യ വേദികൾ ഒരുക്കുക.
* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കൽ
* ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ സംഘടിപ്പിക്കൽ.
* പ്രാദേശിക ഭൂപടം തയ്യാറാക്കൽ

ഗണിതം

* ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
* അടിസ്ഥാന ഗണിത ശാസ്ത്രങ്ങൾ മെച്ചപ്പെടുത്തി ഉറപ്പാക്കുക
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* നൂതന സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിതചിന്ത, യുക്തിചിന്ത വിശകലനശേഷി എന്നിവ വളർത്തുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* ICT സാധ്യത ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു

* അറിവ് നിർമ്മാണ പ്രക്രിയയിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

* കുട്ടികൾക്ക് സ്വതന്ത്രമായി കാര്യക്ഷമമായി IT ഉപയോഗിക്കാൻ കഴിയും.

## പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാം കുട്ടികളിൽ വികസിപ്പിക്കുന്നു.

* പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ച് പാഴ്വസ്തുക്കളും മുളമ്പവും ഉപയോഗിച്ച് വസ്തുക്കൾ നിർമ്മിക്കുക.

* ഇതരവിഷയങ്ങളുടെ പഠനത്തിന് സഹായകമാകും വിധം നിർമ്മാണം നടത്തുക.

* കലോത്സവ മേളകളിൽ മികച്ച പ്രകടനം കാഴ്ചവെക്ക—

## കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുന്നു.
* മികച്ച പരിശീലനങ്ങൾ നൽകി ആത്മവിശ്വാസം നൽകുന്നു.
* കലോത്സവ വേദികളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സഹായിക്കുന്നു.

## ആരോഗ്യകായികവിദ്യാഭ്യാസം

① മികച്ച ആരോഗ്യത്തിനും ശാരീരികക്ഷമതയ്ക്കും കായിക ചലനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു.

② എല്ലാ കുട്ടികൾക്കും കായികആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നു.

③ ആരോഗ്യ ശീലങ്ങൾ വളർത്തുന്നു.

④ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.

⑤ മാലിന്യമുക്തമായി ലഹരി വിമുക്തമായി പുതിയ തലമുറ ലക്ഷ്യത്തോടെ വളരുന്നു.

⑥ യോഗ, സുംബ, എയ്റോബിക്സ് എല്ലാവരും ചെയ്യുന്നു. ദൈനംദിന ജീവിതത്തിൽ ഉപകാരികളാകുന്നു.

## ഹിന്ദി

* ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
* സ്വതന്ത്രവായന, ഏകാങ്കം എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.
* ഹിന്ദി പഠനത്തിന് ICT സാധ്യത നൽകുക.
* ഹിന്ദി ദിനാചരണങ്ങൾ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
* ഹിന്ദി പത്രം, മാസികകൾ തയ്യാറാക്കാൻ അവസരം നൽകുക.

## തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം

* വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നു.
* തൊഴിൽ മനോഭാവം, തൊഴിൽ അഭിരുചി, തൊഴിൽ നൈപുണി, നിർമ്മാണ കഴിവ് എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

## പ്രത്യേകപരിഗണന അർഹിക്കുന്നവർ സാമ്പത്തിക പിന്നോക്കം നിൽക്കുന്നവർ ആദിവാസികളായിട്ടുള്ളവരും മറ്റ് അനിവാര്യമായ പരിപാടികൾ.

* ആരോഗ്യത്താലേയും സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നു.

* കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

* ആധുനിക ICT സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം നടത്തുന്നു.

* തുടർച്ചയായി കുട്ടികൾ സ്കൂളിൽ ഹാജരാകാത്ത അവസ്ഥയുണ്ടെങ്കിൽ കാരണം കണ്ടെത്തി പരിഹാരം

* പഠനം പിന്തുണവേണ്ടവരെ കണ്ടെത്തി നൽകുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണത്തിന്റെ ഭാഗമായി സ്കൂളിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തനവും സൂക്ഷ്മമായ ആസൂത്രണത്തിനനുസരിച്ചാണ്. വിവിധ കാലയളവിൽ ചെയ്ത് തീർക്കേണ്ട പ്രവർത്തനങ്ങൾ ഉണ്ട് അവയെ 3 ആയി തരംതിരിക്കാം.

ഹ്രസ്വകാല പ്രവർത്തനങ്ങൾ (2 - 7 മാസംകൊണ്ട് ലക്ഷ്യ പ്രാപ്തി)

മധ്യകാല പ്രവർത്തനങ്ങൾ (ഒരുവർഷം കൊണ്ട്)

ദീർഘകാല പ്രവർത്തനം (തുടർവർഷങ്ങൾ കൊണ്ട് ലക്ഷ്യംകാണുന്നവ)

ഉടനടി ലക്ഷ്യം കാണുന്നവയും കാലതാമസം എടുത്ത് ലക്ഷ്യം കാണുന്നവയും ഉണ്ട്. ഇതിന് രക്ഷകർത്താക്കളുടേയും പൊതുസമൂഹത്തിന്റെയും സ്കൂൾ രക്ഷകർതൃസംഘത്തിന്റെയും സഹായം ആവശ്യമാണ്. ഇതുകൂടാതെ വിദ്യാലയം നടപ്പാക്കേണ്ട മറ്റ് കാര്യങ്ങളും ഉൾപ്പെടുത്തിരിക്കുന്നു.

## ഹരിതവിദ്യാലയം ശുചിത്വവിദ്യാലയം

* മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ സൗകര്യം ഉണ്ടാകണം.

## ഹരിതപരിസരം ഒരുക്കൽ

* ജൈവവൈവിധ്യ പാർക്ക്
* വൃക്ഷവൽക്കരണം
* പച്ചത്തുരുത്തുകൾ
* ശലഭോദ്യാനം.
* ഔഷധത്തോട്ടം
* ജൈവകൃഷിത്തോട്ടം.

## സ്കൂൾ സൗന്ദര്യവൽക്കരണം

* പൂന്തോട്ട നിർമ്മാണം
* പാർക്ക് (കളിക്കളം) നവീകരണം
* ദിശാബോർഡ് സ്ഥാപിക്കൽ
* ചുറ്റുമതിൽ സുരക്ഷിതമാക്കുക.

* പാതയോരങ്ങളിൽ ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
* പച്ചക്കറി കൃഷി പരിപോഷിപ്പിക്കുക.
* റോഡ് നിയമങ്ങളും സാമൂഹ്യ പരവുമായ ബോധം വളർത്തൽ.
*

## ലഹരിവിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക.

* പാഠ്യേതര വിഷയ സമയത്ത് ലഹരിക്കെതിരെ ആരോഗ്യമായ മനോഭാവം വളർത്തുന്ന പ്രവർത്തനങ്ങൾ നൽകുക.
* ലഹരിയുടെ ദൂഷ്യഫലങ്ങൾ ഉൾക്കൊള്ളുവാനും ലഹരി വിരുദ്ധ സമൂഹം സൃഷ്ടിക്കുവാൻ അവബോധം വളർത്തുകയും ചെയ്യുക.
* ലഹരിബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

## റോഡ് സുരക്ഷാ ബോധവത്കരണം

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട അവബോധം വളർത്തുവാൻ കുട്ടികളിൽ വേണ്ട ധാരണകൾ ജനിപ്പിക്കുവാനായി ക്ലാസുകൾ നടത്തുന്നു. സിഗ്നലുകളും റോഡിലേക്ക് ഇറങ്ങുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ തുടങ്ങിയവയെല്ലാം തന്നെ ബോധവത്കരണം ചെയ്യുന്നു. അതിനായി മികവുറ്റ ഉദ്യോഗസ്ഥരെ തന്നെ കണ്ടെത്തുന്നു.

## ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു.

വിദ്യാരംഗകലാസാഹിത്യവേദി, മലയാളം SS, സയൻസ്, Hello English തുടങ്ങി എല്ലാ ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ദിനാചരണങ്ങൾ ശുദ്ധിയായി നടത്തുന്നു.

## സമൂഹബന്ധ ശാക്തീകരണം

അക്കാദമിക വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഘട്ടത്തിലും സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിലും ശ്രദ്ധചെലുത്തുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ അധ്യാപക രക്ഷാകർതൃസമിതി ക്ലാസ് . പി.ടി. എ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പൂർവ്വവിദ്യാർത്ഥി സംഘടന, സ്കൂൾ വികസനസമിതി മാതൃസമിതി. എന്നിവയെന്ന സമൂഹവുമായി ബന്ധപ്പെടുന്ന ഉള്ള കൂട്ടായ്മയും ശക്തിപ്പെടുത്തുന്നു.

## പഠനപരിപോഷണപദ്ധതികൾ

പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് പഠനപരിപോഷണപദ്ധതികൾ ടേംവിലയിരുത്തലുകൾ നിരന്തരവിലയിരുത്തലുകൾ ശരിയായവിധം നടത്തി ഓരോ കുട്ടിയുടെയും ശക്തിദൗർബല്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ഓരോ ഘട്ടത്തിലും കുട്ടിയുടെ പഠനനില തിരിച്ചറിഞ്ഞ് ആവശ്യമായ പഠനപിന്തുണ നൽകുന്നു. മികച്ച തുടർ പ്രവർത്തനങ്ങൾ നൽകുന്നു.

* വായന – സ്കൂളിലെ മുഴുവൻ കുട്ടികളും അക്ഷരബോ-ധത്തോടെ അർത്ഥം പൂർണ്ണമായി വായിക്കുന്നു.

* എല്ലാ കുട്ടികളും അക്ഷരവ്യക്തതയോടെ എഴുതുന്നു
* ഇംഗ്ലീഷും ഹിന്ദിയും നല്ലപോലെ കൈകാര്യം ചെയ്യുന്നു.
* അടിസ്ഥാന ഗണിത ക്രിയകൾ സ്വായത്തമാക്കുന്നു.
* കായികക്ഷമത നേടാനുള്ള പ്രവർത്തനം.
* കൂടുതൽ സമയം പഠനത്തിനാവശ്യമായ കുട്ടികളെ കണ്ടെത്തി അവർക്ക് പഠനത്തിനായുള്ള സമയം പ്രത്യേകം കണ്ടെത്തുന്നു.
* വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ
* ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകളെ ക്ലാസ്റൂം പ്രവർത്തനവുമായി ബന്ധപ്പെടുത്താനുള്ള ആത്മവിശ്വാസവും അറിവും രീതിശാസ്ത്രവും അധ്യാപകർ സ്വാംശീകരിക്കുന്നു.
* കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കല, കായിക പ്രവൃത്തി പരിചയം തുടങ്ങി മേഖലകളും ഉൾക്കൊള്ളുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാനിന്റെ മറ്റ് പ്രവർത്തനങ്ങൾ

① പ്രതിഭാ പോഷണപരിപാടികൾ

പല വിധത്തിലുള്ള പ്രതിഭകളാൽ സമ്പന്നമാണ് വിദ്യാലയങ്ങൾ. അതിനാൽ അവരെയൊക്കെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉണ്ടാവണം.

② മികച്ച ഗവേഷണപ്രവർത്തനങ്ങൾ

പഠനയാത്രകൾ ക്ലബ്ബുകൾ തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാക്കാം.

③ ഭിന്നശേഷിക്കാർക്കും, പഠനപിന്നോക്കം നേരിടുന്നവർക്കും പ്രത്യേക പരിഗണന.

④ വ്യക്തിശുചിത്വം പരിസരശുചിത്വവും ഉറപ്പാക്കും. തുടർന്ന് വിദ്യാലയവും വീടും ശുചിയാക്കുകയും ഹരിത വിദ്യാലയം നിറവേറ്റുകയും ചെയ്യും.

# അക്കാദമിക മാസ്റ്റർപ്ലാൻ – **ചുമതലകൾ**

1. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ കൃത്യസമയം ഉണ്ടാക്കി നടപ്പാക്കണം

2. ക്ലാസ്തല മാസ്റ്റർപ്ലാനുകൾ ഉറപ്പാക്കണം.

3. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഉൾച്ചേർന്ന് വരണം.

4. ആവശ്യമായ സന്ദർഭങ്ങളിൽ തദ്ദേശസ്വയംഭരണ തല വിദ്യാഭ്യാസ സമിതി, വിവിധ റിസോഴ്സ്‌സെന്ററുകൾ എന്നിവയുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കുക.

5. അനുയോജ്യമായ ട്രാക്കിംഗ് നടത്തി കുട്ടികളെ കൃത്യസമയത്ത് സ്ഥിരമായി സ്കൂളിൽ വരാൻ പ്രേരിപ്പിക്കുക.

6. കുടുംബപരമായി പ്രശ്നങ്ങൾ (സാമ്പത്തികം, വഴക്ക്, ദാരിദ്ര്യം, രോഗങ്ങൾ, ലഹരിഉപയോഗ പ്രശ്നങ്ങൾ) നേരിടുന്ന കുട്ടികൾക്ക് വേണ്ടവിധം ഇടപെടലുകൾ നടത്തി സഹായസഹകരണങ്ങളിലൂടെ മാനസികവും ശാരീരികവുമായ താങ്ങായി മാറുക.

7. ഓരോ പ്രദേശങ്ങളുടെയും സവിശേഷതകൾ സാമൂഹിക സാമ്പത്തിക ചുറ്റുപാട് എന്നിവയ്ക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുക.

8. കൃഷി, ജൈവ സംരക്ഷണം, പൂന്തോട്ട നിർമ്മാണം, ഔഷധത്തോട്ട നിർമ്മാണം എന്നിവ കാര്യക്ഷമമായി നടപ്പാക്കുക.

9. "ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം" എന്ന കാഴ്ചപ്പാട് എല്ലാ അർത്ഥത്തിലും കാര്യക്ഷമമാക്കുക.

10. കുട്ടിയുടെ ശാരീരിക, മാനസിക വൈകാരിക തലങ്ങളെ കണ്ടറിഞ്ഞുകൊണ്ടുള്ള അക്കാദമിക അനുരൂപണം മാത്രം നടത്തുന്നു.

11. മതനിരപേക്ഷത, സഹവർത്തിത്വം, സഹകരണം, അനുതാപം, സംഘബോധം, ലിംഗാവബോധം, തുല്യത, സമഭാവന, ശാസ്ത്രബോധം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

മാസ്റ്റർപ്ലാനിന്റെ നേട്ടങ്ങളും പുരോഗതിയും നിശ്ചിത ഇടവേളകളിൽ ക്ലാസ് പി.ടി.എ സഭകൾ വികസനസമിതി എന്നിവയിൽ അവതരിപ്പിച്ച് സമഗ്ര പിന്തുണ ഉറപ്പാക്കുന്നു.

3 മാസം കൂടുമ്പോൾ ക്ലാസ് പി.ടി.എ യിൽ നേട്ടങ്ങൾ അവതരിപ്പിക്കാനും സമൂഹത്തിന് ബോധ്യപ്പെടുന്ന തരത്തിലുള്ള നിലവാര സൂചകങ്ങൾ ഉപയോഗിച്ച് പുരോഗതി പങ്കുവെക്കുന്നു.